19

# അവതാരം

**യോഹന്നാൻ 1:14-18**

*"വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു ..." (യോഹന്നാൻ 1:14).*

അവതാരം എന്ന ചിന്ത (ദൈവം നമ്മിൽ ഒരാളായി തീരൽ) നമുക്കു തലവേദനയുണ്ടാക്കുന്നതാണ്! മനുഷ്യൻ ദൈവം ആകുവാൻ ആഗ്രഹിക്കുന്നു - അതു, തീർച്ചയായും നമുക്കു മനസ്സിലാക്കാം. പരമാധികാരിയും, അനന്യനുമായ, മാറ്റമില്ലാത്ത, നിത്യനായ ദൈവം മനുഷ്യനായി തീർന്നു എന്നതാണ് നമുക്കു മനസ്സിലാക്കുവാൻ വിഷമം ... ഒരു നിസ്സഹായ ശിശുവിനെ പോലെ! ഇതു ദൈവത്തിനു മാത്രമെ വിചാരിക്കുവാൻ കഴിയൂ! ദൈവത്തിനു മാത്രമെ ഇതു ചെയ്യുവാൻ കഴിയൂ! ഈ വിസ്മയാവഹമായ വസ്തുത തന്റെ സുവിശേഷത്തിൽ യോഹന്നാൻ രണ്ടു ഓർമ്മിക്കത്തക്ക വാചകങ്ങളിൽ പറയുന്നു: "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു"; "വചനം ജഡമായി തീർന്നു, നമ്മുടെ ഇടയിൽ പാർത്തു" (യോഹന്നാൻ 1:1, 14).

**ദൈവപുത്രൻ മനുഷ്യനായി!**

ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഉള്ള ഏക മദ്ധ്യസ്ഥൻ യേശു *മാത്ര*മാണ് (1 തിമൊഥെയൊസ് 2:5, 6). അവൻ സ്വർഗ്ഗത്തിൽ നിന്നു വന്ന ജീവന്റെ അപ്പം ആകുന്നു (യോഹന്നാൻ 6:48–58). വിശുദ്ധ പർവ്വതത്തിൽ വെച്ചു ദൈവം പറഞ്ഞു, "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ - പ്രസാദിച്ചിരിക്കുന്നു; നിങ്ങൾ ഇവനു ചെവി കൊടുപ്പിൻ!" (മത്തായി 17:5; നോക്കുക 2 പത്രൊസ് 1:17, 18). അവതാരം എന്നതു "അത്ഭുതങ്ങളുടെ അത്ഭുതമാണ്."

ഭൗമിക മാതാവിന്റെ സ്വർഗ്ഗീയ പുത്രൻ,
സ്വർഗ്ഗീയ പിതാവിന്റെ ഭൗമിക പുത്രൻ,
മനുഷ്യനല്ലാതെ, ദൈവവും,
ദൈവമല്ലാതെ, മനുഷ്യനും.

യേശുക്രിസ്തുവിനെ കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. നമുക്ക് ഒപ്പം നടക്കുവാനായി രക്ഷാ സത്യത്തോടെയാണ് യേശുവിനെ അയച്ചത്! യേശു ഒരിക്കലും തന്നെ ദൈവമെന്നു വിളിക്കുകയോ, നമസ്ക്കരിക്കയോ ചെയ്ത ആരെയും വിലക്കുകയോ ശാസിക്കയോ ചെയ്തില്ല. ക്രിസ്തു ശരീരം എടുത്തു മനുഷ്യനായി വന്നു എന്നതാണ് തിരുവെഴുത്തുകളുടെ കേന്ദ്രബിന്ദു എന്നു നമുക്കു പറയാം. യേശു *ലോഗോസ്* ആണ് – മനുഷ്യനായി തീർന്ന, ദൈവത്തിന്റെ ജീവവചനം! യേശു ദൈവമാണെന്നു നാം വിശ്വസിക്കുന്നു, എന്നാൽ മനുഷ്യനായി തീർന്ന യേശുവാണ് ദൈവം എന്നും നാം വിശ്വസിക്കണം!

ക്രിസ്ത്യാനിത്വം ചരിത്രപരമായ ഒന്നാണ്. അതു "ഐതിഹ്യങ്ങളുടെ ഐതിഹ്യമല്ല," ഒരു സത്തയില്ലാത്ത ദൃഷ്ടാന്തവുമല്ല. നമ്മെ ദൈവത്തോടു അടുപ്പിക്കുവാനായി, യേശു നമ്മിൽ ഒരാളെ പോലെ ആയി, നമുക്കു മാതൃകയായി ജീവിതം നയിച്ചു, നമ്മെ ദൈവസത്യം പഠിപ്പിച്ചു, നമുക്കുവേണ്ടി മരിച്ചു എന്നതു എല്ലാ സത്യത്തിലും വലിയ സത്യമാണ്.

**കന്യകാ ജനനം**

കന്യകാജനനവുമായി യേശുവിന്റെ ദൈവികത്വം ഒഴിച്ചു കൂടാൻ പറ്റാതെ ബന്ധപ്പെട്ടിരിക്കുന്നു (മത്തായി 1:18–25). യേശുവിന്റെ അപ്പനും അമ്മയും മനുഷ്യർ മാത്രമായിരുന്നെങ്കിൽ, അവന്റെ രക്തം നമ്മുടേതു പോലെ വിലയില്ലാത്തതാകുമായിരുന്നു. അവനു ഉയിർത്തെഴുന്നേല്ക്കുവാനോ മറ്റുള്ളവരെ ഉയിർപ്പിക്കുവാനോ കഴിയുമായിരുന്നില്ല. ഹ്യൂഗോ മെക്കോർഡ് പറഞ്ഞു, "കന്യകാജനനമില്ലാത്ത ക്രിസ്ത്യാനിത്വം രക്തത്താലുള്ള രക്ഷയും, പുനരുത്ഥാനവും ഇല്ലാത്ത ഒരു മതമായി തീരും. അപ്പോൾ അതു ഈ ജീവിതത്തിനുവേണ്ടി മാത്രമുള്ള വെറുമൊരു സാമൂഹ്യസുവിശേഷമായി മാത്രം ചുരുങ്ങും."[1]

ക്രിസ്തുവിന്റെ ദൈവികത്വത്തേക്കാൾ കൂടുതൽ ആളുകൾ ഇടറാറുള്ളതു അവന്റെ മാനുഷികത്വത്തിലാണ്. ഒരു വേദിയിൽ നാടകം അവതരിപ്പിക്കുന്നതുപോലെ, വെറും ഒരു മനുഷ്യനായി, യേശു കാണപ്പെടുകയായിരുന്നില്ല. തോട്ടത്തിൽ വെച്ചു അവന്റെ മുഖത്തു നിന്നു വിയർപ്പു നിലത്തു വീഴുന്ന വലിയചോരത്തുള്ളി പോലെ ആയി (ലൂക്കൊസ് 22:44). അവൻ തന്നെ കുറിച്ചു "മനുഷ്യപുത്രൻ," എന്നാണ് അറിയിക്കുവാൻ കൂടുതലും ശ്രമിച്ചത്, അതു പുതിയ നിയമത്തിൽ എൺപതിലധികം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അവന്റെ ദൈവികത്വത്തെ അവൻ തന്റെ മനുഷ്യത്വത്തിലാണ് നന്നായി പ്രദർശിപ്പിച്ചത്.

ചിലപ്പോൾ നാം സുവാർത്തയെ സംശയത്തോടെ സ്വീകരിക്കും, എന്നാൽ മോശമായ വാർത്തയെ നാം ഉടനെ ഗ്രഹിക്കയും ചെയ്യും. തികഞ്ഞ സത്യത്തെ തെളിയിക്കേണ്ട ആവശ്യം നമുക്കില്ല. സത്യം അതിൽ തന്നെ തെളിയുന്നു. ദൈവത്തെ തിരഞ്ഞെടുക്കാൻ അവൻ ഓടുന്നില്ല. അവൻ ദൈവം *ആണ്.* ഇന്നു മതത്തിനു പ്രാഥമികമായി വേണ്ടത്, ഉപദേശം, വേദശാസ്ത്രം, സത്യം എന്നിവയാണ്.

**യേശു കർത്താവാകുന്നു**

മനുഷ്യനായി തീർന്ന ക്രിസ്തു കർത്താവും ആയി തീർന്നു! പൗലൊസ് എഴുതി,

> അതുകൊണ്ടു, ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം നല്കി, അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും, മുഴങ്കാൽ ഒക്കെയും മടങ്ങുകയും, എല്ലാ നാവും യേശുക്രിസ്തു എന്നു പിതാവായ ദൈവത്തിന്റെ, മഹത്വത്തിനായി ഏറ്റു പറകയും ചെയ്യേണ്ടിവരും (ഫിലിപ്പിയർ 2:9–11).

അവന്റെ കർത്തൃത്വം എന്ന ഈ വസ്തുത ലളിതമാണ്, എങ്കിലും വളരെ ശ്രേഷ്ഠവുമാണ്! അതിനെ കുറിച്ചു ചിന്തിക്കുക: നമുക്കു കാണുവാൻ കഴിയാത്ത, ദൈവത്തോടു നാം പ്രാർത്ഥിക്കുകയും, ജഡത്തിൽ കണ്ടിട്ടില്ലാത്ത അവന്റെ പുത്രന്റെ ഗുണങ്ങളാൽ, നാം സ്വർഗ്ഗത്തിൽ പോകുവാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഉയരത്തിലേക്കുള്ള വഴി താഴെനിന്നാണ്; നിറയുവാൻ നാം നമ്മെത്തന്നെ കാലിയാക്കി. നാം ശരിയായിത്തീരുവാൻ തെറ്റ് ഏറ്റു പറയുന്നു. ഏറ്റവും ശക്തിയുള്ളവർ ഏറ്റവും ബലഹീനരാണ്; ഏറ്റവും ദരിദ്രർ, വലിയ ധനികരുമാണ്. നാം മരിക്കുന്നതു ജീവിക്കുവാനും നല്കുന്നതു ലഭിക്കുവാനുമാണ്.

കാൽവരിയിലെ നടുവിലെ ക്രൂശ് ക്രിസ്തുവിന്റേതായിരുന്നില്ല – അതു നമ്മുടേതായിരുന്നു. യേശു മനുഷ്യനായി തീർന്നതിന്റെ കാരണം മരിക്കലായിരുന്നു. യേശുവിന്റെ നിത്യമായ പ്രാധാന്യമാണ് യോഹന്നാന്റെ സുവിശേഷത്തിലെ മുഴുവൻ ഊന്നലും. ലേഖനങ്ങൾ അനുസരിച്ചു ജീവിക്കുവാനുള്ള ശക്തി സുവിശേഷങ്ങളിലെ ക്രൂശിന്റെ സംഭവങ്ങളിൽ കാണാം.

ആ സത്യം ദൈവത്തിന്റെ "അത്ഭുത കൃപ" യെ പ്രകടിപ്പിക്കുന്നു. അവതാരത്തിൽ യേശു മനുഷ്യരുമായി നിത്യ ബന്ധത്തിൽ ഏർപ്പെടുന്നു. നാം ഒരിക്കലും ദൈവം ആയിരുന്നില്ല, ഒരിക്കലും ദൈവം ആകുകയുമില്ല! യേശു പൂർണ്ണമായി താഴ്ന്നവനും, പൂർണ്ണമായി ഉയർത്തപ്പെട്ടവനും, *രണ്ടും* ആയി. അവന്റെ ഉയർച്ച തന്റെ മനുഷ്യത്വത്തെ നശിപ്പിച്ചില്ല; മറിച്ചു, അതു തന്റെ മനുഷ്യത്വത്തെ മഹത്വീകരിക്കയായിരുന്നു.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]ഹ്യൂഗോ മെക്കോർഡ്, ജീസസ്: "അവർ എറ്റേണൽ സേവ്യർ," ഇൻ "ജീസസ് ക്രൈസ്റ്റ്, ദ ഡിവൈൻ സൺ ഓഫ് ഗോഡ്," *ട്രൂത്ത് ഫോർ ടുഡേ* (മേയ് 2000): 6.

© 2009 Truth for Today